പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7843 16.07.2014-ൽ മറുപടിയ്ക്ക്

# തെരുവുവിളക്കുകൾ കത്തിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. നാണു :<br>ശ്രീ. മാത്യു റ്റി. തോമസ് :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീമതി. ജമീലാ പ്രകാശം : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) തെരുവുവിളക്കുകൾ കത്തിക്കുന്നതിൽ വൈദ്യുതി ബോർഡിന്റെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതും അതിന്റെ അറ്റകുറ്റപ്പണികൾക്കുള്ള സ്പെയർ പാർട്ടുകൾ വാങ്ങുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തവാദിത്വം ആണ്. തെരുവ് വിളക്കുകൾക്ക് മീറ്റർ വഴി സപ്ലൈ കൊടുത്തിട്ടുള്ളതാണെങ്കിൽ തെരുവു വിളക്കുകൾ കത്തിക്കുകയും അണയ്ക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. അല്ലാത്ത പക്ഷം വൈദ്യുതി ബോർഡ് ജീവനക്കാരാണ് തെരുവു വിളക്കുകൾ കത്തിക്കുകയും അണയ്ക്കുകയും ചെയ്യുന്നത്. |
| (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വൈദ്യുതി ബോർഡും തമ്മിലുള്ള തർക്കത്തിൽ തെരുവു വിളക്കുകൾ കത്തിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | |
| (ഡി) തെരുവുവിളക്കുകളുടെ അറ്റകുറ്റ പണികൾക്കിടയിൽ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് | (ഡി) തദ്ദേശ സ്വയം ഭരണ വകുപ്പിൻെറ 15-09-2011-ലെ പരിപത്ര പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണിക്കിടയിൽ തൊഴിലാളിയ്ക്ക് ഏതെങ്കിലും |

നഷ്ടപരിഹാരം നൽകുന്നതിന്റെ ഉത്തരവാദിത്തം ആർക്കാണ് എന്ന് അറിയിക്കുമോ ?

വിധത്തിലുള്ള അപകടങ്ങൾ ഉണ്ടായാൽ 1923 – ലെ തൊഴിലാളി നഷ്ടപരിഹാര നിയമ പ്രകാരം തൊഴിലാളിയ്ക്ക് നഷ്ടപരിഹാരം നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പോ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡോ ബാധ്യസ്ഥരല്ല.

കൂടാതെ, കരാറുകാരന്റെ ബാധ്യതകളും അവകാശങ്ങളും സൂചിപ്പിച്ചിരിക്കുന്ന ഖണ്ഡികകളിലെ കുറിപ്പ് (ജെ) പ്രകാരം കരാർ പണികളുടെ പ്രവർത്തനരാഹിത്യം മൂലമോ കരാറുകാരനോ അയാളുടെ ജീവനക്കാരോ ശരിയായ രീതിയിൽ അറ്റകുറ്റപണികൾ നടത്താത്തതുമൂലമോ ഏതെങ്കിലും ആൾക്ക് ഉണ്ടായേക്കാവുന്ന മരണം/മുറിവുകൾ/ വസ്തുവകകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായ ഏത് അപകടങ്ങൾക്കും നഷ്ടപരിഹാരം നൽകാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ നടത്തുമ്പോൾ ഉണ്ടായേക്കാവുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാര തുക നൽകുന്നത് സംബന്ധിച്ച് പ്രത്യേകം കരാറിൽ ഏർപ്പെടേണ്ടതാണ്. തന്റെ ജോലിക്കാർക്ക് എല്ലാ അപകടങ്ങളിൽ നിന്നുമുള്ള സുരക്ഷ ഉറപ്പാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

സെക്ഷൻ ഓഫീസർ.